11

# "സർവ്വശക്താ, എന്നെ ഓർക്കേണമേ!"

## (5:19- 22)

യിരെമ്യാവ് തന്റെ വിലാപം അവസാനിപ്പിച്ച്, മൂന്നു കാര്യങ്ങൾക്കായി അവൻ ദൈവത്തോട് പ്രാർത്ഥിച്ചു: ഓർക്കുയും, യഥാസ്ഥാനപ്പെടുത്തുകയും, പുതുക്കുകയും ചെയ്യേണമേ:

> യഹോവേ, നീ ശാശ്വതനായും നിന്റെ സിംഹാസനം തലമുറതലമുറയായും ഇരിക്കുന്നു. നീ സദാകാലം ഞങ്ങളെ മറക്കുന്നതും ദീർഘകാലം ഞങ്ങളെ ഉപേക്ഷിക്കുന്നതും എന്ത്? യഹോവേ, ഞങ്ങൾ മടങ്ങിവരേതിന്ന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ. ഞങ്ങൾക്ക് പത്തേപോലെ ഒരു നല്ലകാലം വരുത്തേണമേ. അല്ല, നീ ഞങ്ങളെ അശേഷം ത്യജിച്ചുകളഞ്ഞിരിക്കുന്നുവോ? ഞങ്ങളോട് നീ അതികഠിനമായി കോപിച്ചിരിക്കുന്നുവോ? (5:19–22).

ആ വാക്കുകൾ ഉപയോഗിച്ച് ഒരു സംഗീതം രചിക്കുകയാണെങ്കിൽ, ആ മൂന്ന് ആവശ്യങ്ങൾ പാട്ടിന്റെ കോറസ് ആയിരിക്കും. അവ ആളുകളെ തിരിച്ചെടുക്കേതിന്, പ്രത്യാശയുള്ള അപേക്ഷയായിരുന്നു അത്. വിലാപങ്ങളിലുടനീളം, ചെറിയ പ്രത്യാശ അവശേഷിക്കുന്നത് സൂചിപ്പിക്കുന്നത് ദൈവം അവരെ ഉപേക്ഷിച്ചു എന്ന് തോന്നിയെങ്കിലും, പൂർണ്ണമായി ഉപേക്ഷിച്ചിട്ടില്ല എന്നാണ്. യിരെമ്യാവിന്റെ വീടുപ്പുപാതയിൽകൂടെ നടന്ന് ദൈവം അവന്റെ അപേക്ഷ കേട്ട് പ്രത്യാശ നൽകുന്നതുകാണാം.

### ഞങ്ങളെ ഓർക്കേണമേ

യെഹൂദ്യയെ ദൈവം മറന്നോ? ദുഷ്ടന്മാരുടെ പാപം നിമിത്തം ദൈവം നീതിമാന്മാരെ പോലും ഉപേക്ഷിച്ചോ? പാപം ക്ഷമിക്കുവാനുള്ള ദൈവമനസിനെ യിരെമ്യാവ് സംശയിച്ചോ? അതോ യെഹൂദ്യയുടെ പാപം അനവധിയായിരുന്നതുകൊ് അവ ക്ഷമിച്ചുകൊടുക്കുവാൻ ദൈവത്തിന് കൂടുതൽ സമയം വേണമെന്ന് അവൻ സമ്മതിക്കുകയായിരുന്നോ? ക്രൂശിൽവെച്ച് യേശു താരതമ്യം ചെയ്യാവുന്ന ഒരപേക്ഷ സങ്കീർത്തനങ്ങൾ 22:1 ഉദ്ധരിച്ച് നൽകുന്നു്: "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" (മത്തായി 27:46). അവൻ എന്തുകൊ് തനിച്ച് കഷ്ടത അനുഭവിക്കണമെന്ന് യേശുവിന് അറിയാമായിരുന്നോ അതോ, അവൻ നേരിട്ട വേദന പ്രകടിപ്പിക്കുക മാത്രമാണോ ചെയ്തത്?

യിരെമ്യാവിന്റെ അപേക്ഷ പ്രത്യാശയില്ലാത്തതായിരുന്നില്ല. എന്നേക്കും വാഴുന്ന, ദൈവത്തിന്റെ പരമോന്നതാധികാരത്തെ അവൻ അംഗീകരിച്ചിരുന്നു. തന്റെ അധികാരപ്രകാരം പ്രവർത്തിക്കുന്ന ദൈവത്തിന് ഓർമ്മിക്കുവാന

ുള്ള കഴിവുമു്. എല്ലാറ്റിന്റേയും നിയന്ത്രണം അവനിൽ മാത്രമാണ്. അവന്റെ സിംഹാസനം തലമുറ തലമുറയായിട്ടുള്ളതാണ്. കാലം മാറിയേക്കാം. സംഭവങ്ങളും സാഹചര്യങ്ങളും മാറ്റപ്പെട്ടേക്കാം, എന്നാൽ ഒന്നുമാത്രം മാറുകയില്ല. ദൈവത്തിന്റെ പരമോന്നത വാഴ്ച്ച അങ്ങനെ തന്നെ ആയിരിക്കും. അവന്റെ വചനം എല്ലാ തലമുറകൾക്കുമുള്ളതാണ്.

നാം നോക്കുന്നതുപോലെ ദൈവം സമയം നോക്കാത്തതുകൊ്, അവൻ നമ്മെ മറന്നുകാണുമെന്ന് നാം വിചാരിക്കും. അവർക്ക് ദൈവം എത്രമാത്രം ആവശ്യമാണെന്ന് തിരിച്ചറിയുവാനുള്ള സമയം ജനത്തിന് നൽകും, പക്ഷെ അവൻ അവരെ മറക്കുകയില്ല! വാസ്തവത്തിൽ, വളരെ മുൻപ് യെരുശലേം വീണിരുന്നു, വീടെുപ്പിനുള്ള മാർഗവും ദൈവം കിരുന്നു. പ്രവാസത്തിൽനിന്നുള്ള അവരുടെ വീടെുപ്പ് മുൻകൂട്ടി തീരുമാനിച്ചിരുന്നു. യിരെമ്യാവ് അത് അറിഞ്ഞിരുന്നു.

തന്റെ ജനം തന്നെ മറക്കരുതെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രവാസത്തിലായിരുന്ന എഴുപതു വർഷവും അവരുടെ വിശ്വാസം സജീവമായി നിലനിർത്തുവാൻ ദൈവം അവർക്ക് ര് പ്രവാചകന്മാരെ നൽകിയിരുന്നു. ബി.സി.586 ൽ ബാബേൽ യെരുശലേം നശിപ്പിച്ചപ്പോൾ, ദാനിയേലും യെഹെസ്ക്കേലും പ്രവാചകന്മാരായിരുന്നു. യെരുശലേമിനെ ആദ്യം കീഴ്പ്പെടുത്തിയ ബി.സി.606 ലാണ് ദാനിയേലിനെ പിടിച്ചുകൊുപോയത്. രാജധാനിയിൽ ശുശ്രൂഷ ചെയ്യുവാൻ അവന് പരിശീലനം നൽകിയിരുന്നു (ദാനിയേൽ 1). ഒമ്പതു വർഷങ്ങൾക്ക് ശേഷം, ബി.സി. 597-ൽ, യെഹെസ്ക്കേൽ എത്തി. ദാനിയേലിന് രാജധാനിയിലുായിരുന്ന സ്വാധീനം യെഹെസ്ക്കേലിന് അറിയാമായിരുന്നു (യെഹെസ്ക്കേൽ 14:14, 20), അവൻ രാജ്യത്തിൽ തന്റെ ജോലി ചെയ്തുവന്നു. യെരുശലേമിനെ ചുട്ടുനശിപ്പിച്ചശേഷം നാടുകടത്തപ്പെട്ടവർ തിരിച്ചെത്തിയപ്പോൾ, യെഹെസ്ക്കേലായിരുന്നു നാശത്തിന്റെ കാരണം വിശദമാക്കിയത്. “ഞാൻ യഹോവ എന്ന് നിങ്ങൾ അറിയും” എന്ന പ്രയോഗം അവന്റെ നാൽപത്തി-എട്ട് അദ്ധ്യായങ്ങളുള്ള പുസ്തകത്തിൽ അറുപതി-ലധികം പ്രാവശ്യം പറയുന്നു്. പ്രവാസികൾക്കിടയിലെ ദൈവത്തിന്റെ പ്രവൃത്തിയാണ് ആ പ്രയോഗം സൂചിപ്പിച്ചിരുന്നത്. യഹോവ തന്നെയാണ് ദൈവം എന്ന് അവരെ ഓർപ്പിക്കേിനും അവരെ പഠിപ്പിക്കേിനുമായിരുന്നു അവരുടെ സ്വാതന്ത്ര്യം വേദനാജനകമായി നഷ്ടമായത്. അവർ ആ പാഠം മറന്നില്ല. പ്രവാസത്തിൽനിന്ന് അവർ മടങ്ങിവന്നശേഷം അവർ വിഗ്രഹാരാധനയിലേക്ക് വീും പോയില്ല.

ദൈവത്തിനുവേി സംസാരിച്ച, യെഹെസ്ക്കേൽ പറഞ്ഞു, “എങ്കിലും നിന്റെ യൗവനകാലത്ത് നിന്നോടുള്ള എന്റെ നിയമം ഞാൻ ഓർത്തു ഒരു ശാശ്വതനിയമം നിന്നോട് ചെയ്യും. ... ഞാൻ യഹോവ എന്നു നീ അറിയും” (യെഹെസ്ക്കേൽ 16:60-62). ദൈവം വിശ്വസ്തനാണ്! അവൻ മറക്കുകയില്ല! “നാം അവനെ മറക്കുമോ?” എന്നതാണ് ചോദ്യം. നമ്മുടെ ജീവിതത്തിൽ ദൈവത്തെ കുറിച്ച് ചിന്തിക്കാതിരുന്ന സമയം എത്രത്തോളം ഉായിട്ടു്? നമ്മിൽ എത്രപേർ ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ മുഖ്യഭാഗത്തുനിന്ന് ദൈനന്തിന-കാര്യങ്ങളിൽ അവനുമായി ബന്ധമില്ലാത്ത വിധത്തിൽ പുറകിലേക്ക് മാറ്റി നിർത്തിയിട്ടു്? പ്രതിസന്ധി വരുമ്പോൾ മാത്രം ദൈവത്തെ ഓർക്കുന്ന എത്ര പേരു്? പ്രത്യേക ആവശ്യം വരുമ്പോൾ മാത്രം വിളിക്കുന്ന ഡോക്ടറെ പോലെയാണോ നാം ദൈവത്തെ കരുതുന്നത്?

ആളുകൾ ദൈവത്തെ മറന്ന കാലത്തായിരുന്നു യിരെമ്യാവ് ജീവിച്ചത്.

അവരെ മറക്കുകയും ഉപേക്ഷിക്കയുമരുതേ എന്ന് അവൻ ദൈവത്തോട് യാചിച്ചതിൽ ഒരതിശയവുമില്ല. നിരന്തരമായ ബൈബിൾ വായന, പ്രാർത്ഥന, ആരാധന എന്നിവ ദൈവത്തെ ഓർക്കുവാൻ സഹായിക്കുന്നവയാണ്. എത്ര എളുപ്പത്തിൽ ആളുകൾ മറക്കുമെന്ന് ദൈവത്തിനറിയാം. അവൻ അവിടെത്തന്നെയു്, അവൻ ദൈവം തന്നെയാണെന്ന് നമ്മെ ഓർപ്പിക്കേിന് അവൻ നമ്മുടെ ജീവിതവഴിയിൽ ഉടനീളം ഓർമ്മക്കുറിപ്പുകൾ വെച്ചിട്ടു്. ആരാധനക്കുള്ള അവസരം നാം ഉപയോഗിക്കാതെ, വിരളമായി മാത്രം പ്രാർത്ഥിക്കുകയും, ബൈബിൾ മുഖാന്തരം ദൈവം നമ്മോട് സംസാരിക്കുന്നത് കേൾക്കുവാൻ നാം സമയം കത്തൊതിരിക്കയും ചെയ്യുമ്പോൾ, ദൈവം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുവാൻ നമ്മുടെ അനുഭവത്തിൽകൂടെ പ്രവർത്തിക്കും. യെഹൂദ്യയുടേയും യെരുശലേമിന്റേയും അനുഭവത്തിൽനിന്ന് നമുക്ക് പഠിക്കാം.

### ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ

യഥാസ്ഥാനപ്പെടുത്തലാണ് ബൈബിളിലെ വിഷയം. തന്റെ ജനത്തെ തന്നിലേക്ക് യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം ഏദെൻതോട്ടം മുതൽ (ഉൽപത്തി 3) വെളിപ്പാടിന്റെ അവസാനംവരെ പ്രവർത്തിച്ചുകൊാണിരിക്കുന്നത്. "യഥാസ്ഥാനം" എന്നതിന്റെ അർത്ഥം ആരംഭാവസ്ഥയിലാക്കുക എന്നാണ്. ഒരു കെട്ടിടം യഥാസ്ഥാനപ്പെടുത്തുക എന്നു പറഞ്ഞാൽ, അതിന്റെ ആദ്യത്തെ ഉടമസ്ഥൻ പണിത അതേ രീതിയിൽ പുനസ്ഥാപിക്കുക എന്നാണർത്ഥം. ഒരു കാർ യഥാസ്ഥാനപ്പെടുത്തുക എന്നു പറഞ്ഞാൽ അത് കമ്പനിയിൽ നിന്ന് എങ്ങനെ പുറത്തു വന്നുവോ അതുപോലെ ആക്കുക എന്നാണർത്ഥം.

ദൈവം തിരഞ്ഞെടുത്ത ദേശം എന്ന ആദ്യനിലയിലേക്ക് യെഹൂദ്യയെ യഥാസ്ഥാനപ്പെടുത്തുവാനാണ് യിരെമ്യാവ് ആവശ്യപ്പെട്ടത്. യെഹൂദ്യയുടെ പത്തെ നല്ല കാലമായിരിക്കാം അവന്റെ മനസിലുായിരുന്നത്. ഏറ്റവും പ്രധാനമായി, ജനങ്ങൾ ദൈവവുമായുള്ള ബന്ധത്തിൽ പുനസ്ഥാപിക്കപ്പെടുവാനായിരുന്നു അവന്റെ ആഗ്രഹം. ദൈവം അവരെ വിശ്വസ്തതയിലേക്കും നീതിയിലേക്കും യഥാസ്ഥാനപ്പെടുത്തുവാനാണ് അവൻ താല്പര്യപ്പെട്ടത്. പ്രവാസത്തിൽനിന്ന് ദൈവം അവരെ ഒരു ദേശമാക്കി യഥാസ്ഥാനപ്പെടുത്തും എന്ന് അവന് അറിയാമായിരുന്നു. തന്റെ പ്രവചനങ്ങളുടെ പുസ്തകത്തിൽ, അവൻ എഴുതി, " 'അവയെ ബാബേലിലേക്ക് കൊുപോകും, ഞാൻ അവരെ സന്ദർശിക്കുന്ന നാൾ വരെ,' എന്ന് യഹോവയുടെ അരുളപ്പാട് 'പിന്നെ ഞാൻ അവരെ ഈ സ്ഥലത്ത് മടക്കി വരുത്തും" (യിരെമ്യാവ് 27:22). അവൻ പിന്നെ പറഞ്ഞു, " 'ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ച് നിനക്ക് ആരോഗ്യം വരുത്തും' എന്ന് യഹോവയുടെ അരുളപ്പാട്' " (യിരെമ്യാവ് 30:17). ജനങ്ങൾ തങ്ങളുടെ സ്വദേശത്തേക്ക് മടങ്ങിവരുമെന്ന് ദൈവം വാഗ്ദാനം ചെയ്യുന്നതായി, താഴെയുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു.

എഴുപതുവർഷങ്ങൾക്ക് ശേഷം ബാബേൽ പാർസി സാമ്രാജ്യത്തിന് കീഴ്പ്പെടേിവന്നപ്പോൾ, പാർസി രാജാവായ കോരശ് പ്രവാസികൾക്ക് സ്വദേശത്തേക്ക് മടങ്ങിപ്പോയി അവരുടെ പട്ടണവും ദൈവാലയവും വീും പണിയുന്നതിന് അനുവദിച്ചുകൊ് ഒരു കല്പന പുറപ്പെടുവിച്ചു (എസ്രാ 1:1-4). അത് "യിരെമ്യാവിന്റെ വായിൽനിന്നു പുറപ്പെട്ട യഹോവയുടെ വചനം" നിറവേറുന്നതായിരുന്നു. ദൈവം തന്റെ വാഗ്ദാനം പാലിക്കുമെന്ന് യിരെമ്യാവിന് അറിയാമായിരുന്നു. അത് ജനങ്ങൾ അറിയണമെന്നും അവൻ ആഗ്രഹിച്ചു.

താൻ അറിഞ്ഞത് ദൈവേഷ്ടമായിരിക്കേണ്ടിന്ന് അവൻ പ്രാർത്ഥിച്ചു.

ഇന്നും ആവശ്യമായ പ്രാർത്ഥനയാണ് "യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ" എന്നത്. ഒരിക്കൽ എന്നേക്കുമായി ചെയ്തു കഴിഞ്ഞ ഒന്നല്ല യഥാസ്ഥാനപ്പെടുത്തൽ. അതു തുടരുന്ന ഒരു നടപടിയാണ്. ദൈവജനത്തെ തന്നോട് യഥാസ്ഥാനമാക്കുന്ന പ്രവൃത്തിയാണ് യേശു ചെയ്തത്. പുതിയനിയമസഭയുടെ പ്രവൃത്തി സഭയെ ദൈവജനമാക്കി യഥാസ്ഥാനപ്പെടുത്തുക എന്നതാണ്. നമ്മുടെ ഇന്നത്തെ ജോലി പുതിയനിയമസഭയെ യഥാസ്ഥാനമാക്കുകയും ദൈവം ഈ ഭൂമിയിൽ കാണുവാൻ ആഗ്രഹിക്കുന്ന രീതിയിൽ അവരെ പുതിയനിയമ സഭയാക്കി നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഒരു സഹോദരൻ തെറ്റു ചെയ്തു ദൈവത്തിൽനിന്നകന്നു പോയാൽ നാം അവനെ "സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തണം" (ഗലാത്യർ 6:1). എല്ലാറ്റിനും ഒരു യഥാസ്ഥാനത്തിന് അവസരമു് എന്നതാണ് ലോകത്തിനുള്ള പ്രത്യാശ.

## ഞങ്ങളെ പുതുക്കേണമേ

ദൈവജനത്തിന് യഥാസ്ഥാനമാകൽ മാത്രമല്ല, നവീകരണവും ആവശ്യമാണ്. പഴയതിനെ യഥാസ്ഥാനപ്പെടുത്താം, എന്നാൽ യഥാസ്ഥാനപ്പെട്ടതുകൊ്, പുതുതാകയില്ല. "നിങ്ങൾ വീും ജനിക്കണമെന്ന്" യേശു പറഞ്ഞു (യോഹന്നാൻ 3:7). പ്രമുഖനായ ഒരാൾ, യെഹൂദന്മാരുടെ പ്രമാണിക്ക്, യേശു പറഞ്ഞതു മനസിലായില്ല. പഴയതിനെ പുതിയതാക്കുവാൻ ദൈവത്തിന് മാത്രമേ കഴിയു. ഈ പുതുക്കം ഭൗതികമല്ല; അത് ആന്തരിക മായ ആത്മാവിന്റെ പുനർജീവനാണ്. ദാവീദ് ദൈവത്തോട് യാചിച്ചു, "ദൈവമെ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരു ആത്മാവിനെ എന്നിൽ പുതുക്കേണമേ" (സങ്കീർത്തനങ്ങൾ 51:10). നമ്മെ യഥാസ്ഥാനപ്പെടുത്തുവാൻ ദൈവത്തിന് മാത്രമേ കഴിയു എന്നു തിരിച്ചറിഞ്ഞാൽ മാത്രം പോരാ, അവന്റെ ഹിതം നമ്മിൽ പ്രവർത്തിക്കുവാൻ നാം അനുവദിക്കയും വേണം. "എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപോലെ ചിറകടിച്ചുകയറും, അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും" (യെശയ്യാവ് 40:31).

ആത്മീയപുതുക്കവും ഒരു തുടർനടപടിയാണ്. ക്ഷേമത്തിലായിരിക്കുമ്പോൾ തന്നെ ക്രിസ്ത്യാനികൾക്ക് മടുപ്പുാകും. ശരീരത്തിന് ആഹാരവും വിശ്രമവും ആവശ്യമായിരിക്കുന്നതുപോലെ, ആത്മാവിനും ആഹാരവും വിശ്രമവും ആവശ്യമാണ്. ഉള്ളിലെ മനുഷ്യനായ, ആത്മാവിന്, ദൈവസന്നിധിയിൽ വിശ്രമം വേണം. ഒരു സന്ദർഭത്തിൽ, യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "നിങ്ങൾ ഒരു ഏകാന്തസ്ഥലത്ത് വേറിട്ടുവന്ന് അല്പം ആശ്വസിച്ചുകൊൾവിൻ" (മർക്കൊസ് 6:31). ആ "ആശ്വാസ സമയം" ശരീരത്തിനു മാത്രമായിരുന്നില്ല, ആത്മാവിനും ആവശ്യമായിരുന്നു.

ഓരോ ദിവസവും ശാന്തമായിരിക്കുവാനും, ദൈവത്തിനായി കാത്തിരിക്കുവാനും, നിങ്ങൾ പ്രാർത്ഥനയിൽ അവനോട് സംസാരിക്കുമ്പോൾ, തന്റെ വചനത്താൽ നിങ്ങളോട് അവൻ സംസാരിക്കുവാൻ അനുവദിക്കുകയും ചെയ്യുക. കൂടുതൽ സമയം നിങ്ങൾ അവനോടുകൂടെ ഇരിക്കുമെങ്കിൽ, നിങ്ങൾ കൂടുതലായി അവന്റെ സ്വഭാവത്തോട് അനുരൂപമാകും. നിങ്ങൾ അവന്റെ സന്നിധിയിൽനിന്ന് അകന്നിരിക്കുന്തോറും, അവന്റെ സ്വഭാവം നിങ്ങളിൽ കുറ

ഞ്ഞുവരും. മോശെ ദൈവസന്നിധിയിലായിരുന്നപ്പോൾ അവന്റെ മുഖം പ്രകാശിച്ചതുപോലെ (പുറപ്പാട് 34:29–35) നിങ്ങളും ദൈവസന്നിധിയിലാണെങ്കിൽ പ്രകാശിക്കപ്പെടും. ദിവസം ആരംഭിക്കുമ്പോഴോ അല്ലെങ്കിൽ അവസാനിപ്പിക്കുമ്പോഴോ – അല്ലെങ്കിൽ രു സമയത്തും – ശാന്തമായി യജമാനനോടൊപ്പം ആയിരിക്കുക. ദൈവം നിങ്ങളെ പുതുക്കും!

---

**സന്ദേശം എന്താണ്?**

"ഓ ദൈവമേ, ഞങ്ങളെ ഓർക്കേണമേ, യഥാസ്ഥാനപ്പെടുത്തേണമേ, ഞങ്ങളെ പുതുക്കേണമേ." ദുഃഖഗാനത്തിനെതിരായിട്ടുള്ള എന്തൊരു ആശ്വാസമാണത്! യിരെമ്യാവിന്റെ ഈ ലളിതമായ പ്രാർത്ഥന നമ്മുടെ പ്രാർത്ഥനകളുടെ ഭാഗമാക്കണം. ഞങ്ങൾ പാടാറുള്ള ഒരു പ്രാർത്ഥനാഗാനമാണ് ഈ വാക്കുകൾ നമ്മെ ഓർപ്പിക്കുന്നത്:

> കൊടുങ്കാറ്റ് ചുറ്റും ആഞ്ഞടിക്കുമ്പോൾ,
> എന്റെ വാച്ച് മാത്രം ഞാൻ ശ്രദ്ധിക്കുമ്പോൾ,
> 'ദുഷ്ടതയുടെ തീപ്പൊരി' വീഴുമ്പോൾ,
> 'പരീക്ഷകന്റെ വിളി' കേൾക്കുമ്പോൾ,
> ജീവിതസമുദ്രത്തിന്മേൽ നടക്കുമ്പോൾ,
> അതിന്റെ ഭീകര ചലനം നിയന്ത്രിക്കും.
> അതിന്റെ അപകത്താൽ ഞെരുക്കുമ്പോൾ,
> അതിന്റെ ആഴക്കയത്തിൽ മുങ്ങുമ്പോൾ,
> പാപത്തിന്റെ ഭാരം അലട്ടുമ്പോൾ,
> ഇരു നിരാശ സമ്മർദ്ദത്തിലാഴ്ത്തുമ്പോൾ,
> അവ എല്ലാം മർത്യമായ ജീവിതത്തിലാണ്,
> ഞാൻ മരണത്തിന്റെ വാതിൽ കടക്കുമ്പോൾ,
> വീരനായുള്ളോവേ, എന്നെ ഓർക്കേണമേ!
> വീരനായുള്ളോവേ, എന്നെ ഓർക്കേണമേ![1]

ചിലപ്പോൾ ദൈവം ദൂരെയാണെന്ന് തോന്നും. നമുക്ക് അല്പം വിശ്രമം വേണമെന്നവിധത്തിൽ ലോകം വളരെ വേഗത്തിലാണ് കറങ്ങിക്കൊിരിക്കുന്നത്. നമുക്ക് സ്വീകരിക്കുവാൻ കഴിയാത്ത വേഗത്തിലാണ് മാറ്റം സംഭവിക്കുന്നത്. ഒന്നിനും ഇളക്കാൻ കഴിയാത്ത ഉറപ്പുള്ള അടിസ്ഥാനത്തിനായി നാം നോക്കുന്നു. യഥാസ്ഥാനപ്പെടുത്തുന്നതിനും പുതുക്കുന്നതിനും കഴിവുള്ള ദൈവശക്തിയാണ് ആ ഉറപ്പ് നൽകുന്നത്. അതുകൊായിരിക്കണം പൗലൊസ് ഈ വാക്കുകളാൽ എഫെസ്യയിലെ ക്രിസ്ത്യാനികൾക്കായി പ്രാർത്ഥിക്കുന്നത്:

> എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്ന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉാകട്ടെ, ആമേൻ 1 (എഫെസ്യർ 3:20, 21).

ലോകത്തിന്റെ ചുറ്റും-പോയി-സന്തോഷിക്കുന്ന തിരക്കിൽനിന്ന് അല്പം മാറി നിൽക്കുക. ശാന്തമായി ദൈവം പറയുന്നത് ശ്രദ്ധിക്കുക. അവൻ നിങ്ങളുടെ ജീവിതം ആക്കേരീതിയിൽ ആക്കും. അവൻ നിങ്ങളുടെ ആത്മാവിനെ ആശ്വസിപ്പിക്കയും, പ്രതികൂലസാഹചര്യത്തിലും, ജീവിക്കുവാനുള്ള ലക്ഷ്യം നൽകുകയും ചെയ്യും. അവിശുദ്ധ ജീവിതത്തിന്റെ കെട്ടുപാടിൽനിന്ന് അവൻ നിങ്ങളുടെ ആത്മാവിനെ ഉയർത്തും.

ഒരുപക്ഷെ നിങ്ങളുടെ തെറ്റുകൊായിരിക്കാം നിങ്ങൾ കഷ്ടത അനുഭവിക്കുന്നത്. നിങ്ങൾ ശത്രുപാളയത്തിലകപ്പെട്ട് ലോകത്തിനിരയായിതീർന്നിക്കാം. നിങ്ങൾ പരീക്ഷിക്കപ്പെട്ട്, പരിശോധിക്കപ്പെട്ട്, ആക്രമിക്കപ്പെട്ടിരിക്കുന്നു; എന്നാൽ ദൈവം നിങ്ങളെ ഓർത്ത്, യഥാസ്ഥാനപ്പെടുത്തി പുതുക്കുവാനാഗ്രഹിക്കുന്നു. നിങ്ങൾ അനുവദിക്കുന്ന ഏതു സമയത്തും അവൻ നിങ്ങളുടെ ഉള്ളിൽ വസിച്ച് നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിന് ആഗ്രഹിക്കുന്നു.

---

കുറിപ്പ്

[1]ജോആനാ കിൻകെൽ. ആർ., "റിമെമ്പർ മീ ഓ മൈറ്റി വൺ," *സോങ്സ് ഓഫ് ദ ചർച്ച്.* എഡി. ആൾട്ടൺ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷേഴ്സ്, 1977).